# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 1/792/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 1/792/2022 തീയ്യതി: 16/05/2022

# കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 21-04-2022 | 29-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-04-2022 | 29-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൾ നസീർ.ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അഫ്സൽ.ടി.എം, ഓഡിറ്റർ

ശ്രീ. ഷിബിൻ കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബേബി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. മോയത്ത് മുഹമ്മദ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. എം.എ.റഷീദ് | സെക്രട്ടറി | 01-04-2020 | 11-12-2020 |
| | | 30-12-2020 | 31-03-2021 |
| ശ്രീ. പി.വി.ശ്രീകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-12-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഷാദിയ.എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. പ്രവീൺ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. നസ്രുൽ ഇസ്ലാം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ഷാജിബ്.സി.കെ | വെറ്റിനറി സർജൻ | 01-04-2020 | 23-02-2021 |
| ഡോ. ബിന്ദ്യ.കെ.ആർ | വെറ്റിനറി സർജൻ | 24-02-2021 | 31-03-2021 |
| ശ്രീമതി. സുമില | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-02-2021 |
| ശ്രീമതി. റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-02-2021 | 31-03-2021 |
| ശ്രീമതി. ഷീജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി. ജ്യോതിലക്ഷ്മി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2020 | 11-11-2020 |
| ശ്രീമതി. ഷാരി ശരത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ശ്രീ. സുരേഷ്.കെ.പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. ജിഷാർ.പി.പി | വി.ഇ.ഒ | 01-04-2020 | 24-10-2020 |
| ശ്രീമതി. സിന്ധു.കെ | വി.ഇ.ഒ | 06-11-2020 | 31-03-2021 |
| ശ്രീ. ശശീന്ദ്രൻ.കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 30-04-2020 |
| ശ്രീ. ലിസ്സി.എം.പി | ഹെഡ് മിസ്ട്രസ് | 01-07-2020 | 31-03-2021 |
| ശ്രീമതി. സോണിയ.പി | അസി. സെക്രട്ടറി | 01-04-2020 | 15-06-2020 |

| | | | |
|---|---|---|---|
| ശ്രീ. ജോഷി ജോസ് | അസി. സെക്രട്ടറി | 26-06-2020 | 26-06-2020 |
| ശ്രീ. പി.വി.ശ്രീകുമാർ | അസി. സെക്രട്ടറി | 29-06-2020 | 31-03-2021 |
| ശ്രീ. ആസിഫ് അഹമ്മദ്.എം | അസി. എഞ്ചിനിയർ | 01-04-2020 | 21-04-2020 |
| ശ്രീമതി. രമ്യ.എൻ.കെ | അസി. എഞ്ചിനിയർ | 23-04-2020 | 04-05-2020 |
| ശ്രീ. രംജിഷ്.ആർ.എസ് | അസി. എഞ്ചിനിയർ | 05-05-2020 | 30-06-2020 |
| ശ്രീ. അഫ്റഫ് കല്ലടയിൽ | അസി. എഞ്ചിനിയർ | 01-07-2020 | 06-08-2020 |
| ശ്രീ. ജനാർദ്ദനൻ.ടി | അസി. എഞ്ചിനിയർ | 07-08-2020 | 04-01-2021 |
| ശ്രീമതി. ജീന.കെ | അസി. എഞ്ചിനിയർ | 04-01-2021 | 07-02-2021 |
| ശ്രീമതി. ഫാത്തിമ ഷെഹറിൻ.എം | അസി. എഞ്ചിനിയർ | 08-02-2021 | 31-03-2021 |
| ശ്രീമതി. മെർലിൻ അലക്സ് | ഫിഷറീസ് എസ്റ്റൻഷൻ ഓഫീസർ | 10-08-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Shibin K S (Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-5 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം 2020-21<br>Written By: SURESH KUMAR S (Senior Grade Auditor, On 02-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Shibin K S (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-9 |
| 14 | തറ വിസ്തീർണത്തിന് ആനുപാതികമായി നികുതി നിർണയിച്ചിട്ടില്ല.<br>Written By: Afsal T.M (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-10 |
| 15 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-11 |

| | | |
|---|---|---|
| 16 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-12 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-13 |
| 18 | റോഡ് നിർമാണപ്രവൃത്തികൾ - കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-14 |
| 19 | ലക്ഷങ്ങൾ ചെലവഴിച്ച് റോഡ് പണി പൂർത്തിയാക്കിയതിനു പിന്നാലെ റോഡ് തകർന്നു<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-15 |
| 20 | റോഡ് പ്രവൃത്തിക്കായി പൊട്ടിച്ചെടുത്ത പാറ പൂർണ്ണമായും ഉപയോഗിച്ചില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം - മറ്റ് അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 02-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-16 |
| 21 | മരാമത്ത് പണികൾ--പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ- പാലിക്കപ്പെടുന്നില്ല.<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-17 |
| 22 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-18 |
| 23 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-19 |
| 24 | എസ്.സി.പി. പ്രൊജക്ടുകൾ - സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ നടപ്പിലാക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-20 |
| 25 | ഇ-ടെണ്ടർ - ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമായില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-21 |
| 26 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-22 |
| 27 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-23 |
| 28 | മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-24 |
| 29 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-05-2022) | 1-25 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 13-05-2022) | |
| 30 | താഴ്ഞാരം അങ്കണവാടി കുഴൽക്കിണർ നിർമ്മാണം - പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-26 |
| 31 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടറൈസേഷൻ - യു. പി. എസ്, സ്കാനർ, പ്രിന്റർ എന്നിവ നാളിതു വരെ ലഭിച്ചില്ല.<br>Written By: E.V Hari (Audit Officer, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-27 |
| 32 | ഘടക സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ - പ്രവൃത്തിക്ക് സർക്കാർ സബ്സിഡി ലഭ്യമായില്ല.<br>Written By: E.V Hari (Audit Officer, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-28 |
| 33 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-29 |
| 34 | വെറ്ററിനറി മരുന്ന് വാങ്ങൽ - നോൺ അവയലിബിലറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല<br>Written By: Shibin K S (Auditor, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-30 |
| | **ഭാഗം 2** | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 12.03.2020 തീയതിയിലെ 1 (1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 16.02.2021 തീയതിയിലെ തീരുമാന നമ്പർ 2 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 45,94,178 |
| വരവ് | 18,88,32,000 |
| ആകെ | 19,34,26,178 |
| ചെലവ് | 18,77,70,817 |
| നീക്കിയിരിപ്പ് | 56,55,361 |

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. 12/12/2019 ന് എല്ലാ സ്ഥാപന മേധാവികളോടും 2020-21 ബജറ്റ് തയ്യാറാക്കുന്നതിലേക്കായി നോൺ പ്ലാൻ പ്രപ്പോസലുകൾ സമർപ്പിക്കാൻ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| | | |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനവരി 15-ന് മുമ്പ് | ഹെഡ് മാസ്റ്റർ, മെഡിക്കൽ ഓഫീസർ (ഹോമിയോ), വെറ്ററിനറി സർജൻ എന്നിവർ മാത്രമാണ് 15.01.2020 ന് മുമ്പായി സമർപ്പിച്ചത്. ആയുർവേദ മെഡിക്കൽ ഓഫീസർ 29.02.2020 നും ഐ.സി.ഡി.എസ് സൂപ്പർവൈസർ 05.02.2020 നുമാണ് സമർപ്പിച്ചത്. കൃഷി ഓഫീസർ, അസി. എഞ്ചിനിയർ എന്നിവർ സമർപ്പിച്ച പ്രോഫോമകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനവരി 22-ന് മുമ്പ് | സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ച ചെയ്ത് 22.01.2020 ന് ശേഷമാണ് . |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.<br>വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച തീയതികൾ താഴെ ചേർക്കുന്നു. (01.02.2020 ന് ശേഷമാണ് )<br>വികസനം - 05.02.2020 |

| | | |
|---|---|---|
| | | ആരോഗ്യ, വിദ്യാഭ്യാസം - 17.02.2020<br>ക്ഷേമകാര്യം - 17.02.2020 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | 17.02.2020 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാന നം. 3 പ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.<br>03.03.2020 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ കരട് ബജറ്റ് അവതരിപ്പിച്ച് ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കാൻ തീരുമാനിച്ചു. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചു ചേർക്കേണ്ടത് | മാർച്ച് 7-ന് മുമ്പ് | 11-03-2020 ന് നടന്ന പ്രത്യേക യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുമ്പ് | 12-03-2020 ന് നടന്ന പ്രത്യേക യോഗത്തിൽ അംഗീകരിച്ചു. |

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 17.05.2021 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2020-21 വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി (റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 10,75,869 രൂപയാണ്. എന്നാൽ 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-43) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി (റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 10,74,878 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, താമരശ്ശേരി, ഇ-പെയ്മെന്റ് അക്കൗണ്ട് നം. 67391717309) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മെന്റ് തീയതി | തുക |
|---|---|
| 29.01.2021 | 1588 |
| 22.02.2021 | 13636 |
| 06.02.2021 | 732 |
| 08.02.2021 | 238 |
| 06.03.2021 | 1366 |
| 10.03.2021 | 1716 |

| | |
|---|---|
| 18.03.2021 | 974 |
| 20.03.2021 | 857 |

3. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് (B-15) ഷെഡ്യൂൾ പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ) ഇനത്തിൽ അരിയർ ഇല്ല. എന്നാൽ 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-43) പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ) അരിയർ ഇനത്തിൽ 39 രൂപ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.

4. 2020-21 വർഷത്തേക്കുള്ള എഫ്.ടി.ഇ.എ&ഒ ലൈസൻസ് അഡ്വാൻസ് കളക്ഷൻ തുകയായ 2,29,800/- രൂപയുടെ ( 2019-20 വാർഷിക ധനകാര്യ പത്രിക RP-36 പ്രകാരം) കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ 2020-21 ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ് ഇനത്തിൽ 2019-20 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2020-21 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2020-21 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 1,90,746/- രൂപയും 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 1,48,371/- രൂപയും പൊരുത്തപ്പെടുന്നില്ല.

6. 2020-21 വാർഷിക ധനകാര്യ പത്രിക റസിപ്റ്റ് & പേമെന്റ്സ് സ്റ്റേറ്റ്മെന്റ് RP-7പ്രകാരം ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭ്യമായ തുകകൾ ഐ.കെ.എം ചെലവ് പത്രിക പ്രകാരം ലഭ്യമായ തുകയുമായി പൊരുത്തപ്പെടുന്നില്ല.

7. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

8. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,37,04,795 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,49,42,946 |

| | |
|---|---|
| ആകെ | 9,86,47,741 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,22,51,221 |
| നീക്കിയിരിപ്പ് | 1,63,96,520 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,08,14,843 | 2,08,14,843 | 2,04,32,337 | 3,82,506 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 84,16,635 | 84,16,635 | 75,45,161 | 8,71,474 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4,55,000 | 4,55,000 | 3,11,600 | 1,43,400 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 71,45,000 | 71,45,000 | 71,12,763 | 32,237 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 60,60,079 | 60,60,079 | 59,96,802 | 63,277 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 0 | 1,25,34,810 | 1,25,34,810 | 1,12,78,601 | 12,56,209 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ACR പ്രകാരം) | 0 | 70,60,000 | 70,60,000 | 20,35,507 | 50,24,493 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 3,38,987 | 12,82,377 | 16,21,364 | 12,95,030 | 3,26,334 |
| ദുരിതാശ്വാസനിധി | 58,489 | 1,863 | 60,352 | - | 60,352 |
| എം.പി.ഫണ്ട് | 37,664 | 1,145 | 38,809 | - | 38,809 |
| ശുചിത്വ മിഷൻ | 17,79,192 | 21,49,076 | 39,28,268 | 3,50,988 | 35,77,280 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 12,52,03,826 | 2,58,86,418 |
| വികസനഫണ്ട് (എസ്.സി.പി) | 3,47,47,678 | 80,72,926 |
| വികസനഫണ്ട് (ടി.എസ്.പി) | 7,50,000 | 4,55,000 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 1,24,01,763 | 68,91,421 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി),

മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക (3,14,00,000) വാർഷിക കണക്കിലെ തുകയുമായി (12,82,377) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 15,92,59,660 | 196 | 6,87,94,956 | 9 | 23 | 86% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം 2020-21

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 3504

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 2107

100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 590

2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് : രൂ. 5,63,33,110/-

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ദ വേതനം | രൂ. 4403250/- |
| അവിദഗ്ദ വേതനം | രൂ. 31287387/- |
| മെറ്റീരിയൽ തുക | രൂ. 19197467/- |
| ഭരണ ചെലവ് | രൂ. 30,24,815/- |

| ഇനം | മുന്നിരിപ്പ് | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (രൂ.) | | | (രൂ.) | (രൂ.) |
| ഭരണ ചെലവുകൾ | 726123 | 2723340 | 3449463 | 3024815 | 4,24,648 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 3,56,90,637 | 3,56,90,637 | 3,56,90,637 | -- |

ഭരണസമിതിയുടെ 11.12.2019 തിയ്യതിലെ 5-ാം നമ്പർ തീരുമാന പ്രകാരം 770 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 222 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 26 |
| കിണർ | 12 |
| തൊഴുത്ത് | 13 |
| ടോയിലറ്റ് | 9 |
| കോഴിക്കൂട് | 4 |
| വൃക്ഷത്തൈ നടൽ | 1 |
| പുഴ നവീകരണം | 4 |
| മണ്ണ് ജല സംരക്ഷണം | 62 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 62 |
| കിണർ റീചാർജ്ജ് | 2 |
| കമ്പോസ്റ്റ് പിറ്റ് | 2 |

| | |
|---|---|
| ആട്ടിൻ കൂട് | 11 |
| തോട് നവീകരണം | 1 |
| പ്രളയ സംരക്ഷണം | 13 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 62,99,100 | 456 |
| വിധവാ പെൻഷൻ | 1,58,77,500 | 1105 |
| വാർദ്ധക്യകാല പെൻഷൻ | 2,05,46,300 | 1609 |
| വികലാംഗ പെൻഷൻ | 46,23,200 | 328 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,07,300 | 28 |
| വിവാഹ ധനസഹായം | 2,10,000 | 7 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം

എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ജമീല. വി. കെ, വട്ടിക്കുന്നുമ്മൽ, കോളിക്കൽ | | 22.06.2020 | 04.09.2020 |
| 2 | ഷിജ സജി, വാന്നിൽ, കാക്കാംവയൽ, പുതുപ്പാടി | വിധവ പെൻഷൻ | 14.09.2020 | 18.01.2021 |
| 3 | നഫീസ, കന്നൂട്ടിപ്പാറ, ചമൽ | | 19.10.2020 | 18.01.2021 |
| 4 | ലത. എൻ, മരുതാടൻ, തലയാട് | | 07.07.2020 | 28.10.2020 |
| 5 | ആദിത്യ, വടക്കെപറമ്പിൽ, തലയാട് | ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള പെൻഷൻ | 09.07.2020 | 28.10.2020 |
| 6 | അനുമോൾ, നടക്കുന്നുമ്മൽ, കാപ്പാട്ടുമ്മൽ | | 04.03.2021 | 07.05.2021 |

| | | | | |
|---|---|---|---|---|
| 7 | ശരത് ജ്യോതി.കെ.എസ്, ചെമ് പ്രകുണ്ട, കട്ടിപ്പാറ | | 09.03.2021 | 09.07.2021 |
| 9 | ഹരിദാസൻ.പി.കെ, പ്ലാക്കുട്ടത്തിൽ, കട്ടിപ്പാറ | വാർദ്ധക്യ കാല പെൻഷൻ | 01.06.2020 | 04.09.2020 |
| 10 | പാത്തുമ്മ, പെരുവൻ തൊട്ടുകയിൽ, പൂലോട്, പുതുപ്പാടി | | 11.06.2020 | 28.09.2020 |
| 11 | ജോർജ് എടപ്പാറയിൽ, കട്ടിപ്പാറ, താമരശ്ശേരി | | 03.07.2020 | 28.09.2020 |
| | ഏലിയാമ്മ, നാലൊന്നുകാട്ടിൽ, ചമൽ | | 14.10.2020 | 08.02.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. ജി.ഒ (പി) നം. 105/2002/ത.സ്വ.ഭ.വ, തീയതി- 25.06.2002 പ്രകാരം പെൻനുള്ള അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.04.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,780 രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 08.04.2021 -ലെ 08/2021 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചതായി കാണുന്നില്ല. കാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട കാൻസൽഡ് റസീറ്റ് റിപ്പോർട്ടുകൾ എല്ലാ മാസവും പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2020-21 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പരാതി രജിസ്റ്ററിൽ 2020-21 വർഷത്തിൽ പരാതി ലഭിച്ചതിന് ശേഷം സ്വീകരിച്ച നടപടികൾ, കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിവരാവകാശ രജിസ്റ്റർ നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2020-21 വർഷത്തിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നീ ഇനങ്ങളിലെ വരവ് സംക്ഷിപ്തം പ്രത്യേകമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ്

ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

1-10 തറ വിസ്തീർണത്തിന് ആനുപാതികമായി നികുതി നിർണയിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടം 2011 റൂൾ 3 (4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണയിക്കേണ്ടതാണ്. തൻ വർഷം നികുതി കണക്കാക്കിയ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ തറ വിസ്തീർണത്തിന് ആനുപാതികമായി നികുതി നിർണയിച്ചിട്ടില്ല എന്ന് കണ്ടെത്തി.

| ഫയൽ നം. | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് | ആകെ തറ വിസ്തൃതി (Plinth Area) | നികുതി കണക്കാക്കിയ തറ വിസ്തൃതി | നികുതി ഈടാക്കാത്ത തറ വിസ്തൃതി | റിമാർക്സ് |
|---|---|---|---|---|---|
| A3 1174/20 | 15/264 B-G നഫീസ/ സോഫിയ, ചോലക്കത്തൊടിക, കട്ടിപ്പാറ (വാണിജ്യ | 329.21 | 198.84 | 130.40 (ബേസ്മെന്റ് ഫ്ലോർ) | പ്ലാനിൽ ബേസ്മെന്റ് ഫ്ലോർ പാർക്കിങ് എരിയയായി കാണിച്ചു, നികുതി |

| | | | | | |
|---|---|---|---|---|---|
| | കെട്ടിടം) | | | | നിർണയത്തിൽ നിന്നും ഒഴിവാക്കി |
| A3 1713/20 | 15/272 A-U അബ്ദുൾ റഷീദ്, പിലാക്കണ്ടി, കട്ടിപ്പാറ, 673573 അനൂപ് ലൂക്കോസ്, നാലോന്നു കാട്ടിൽ, കട്ടിപ്പാറ (വാണിജ്യ കെട്ടിടം) | 836.53 | 440.09 | 396.44 (ബേസ്മെന്റ് ഫ്ലോർ) | പ്ലാനിൽ ബേസ്മെന്റ് ഫ്ലോർ പാർക്കിങ് എരിയയായി കാണിച്ചു, നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കി |
| A3 244/21 | ഫൈസൽ വട്ടക്കുണ്ടുങ്ങൽ, കുടുക്കിലുമ്മാരം, താമരശ്ശേരി, 673573 (വാണിജ്യ കെട്ടിടം) | 441.98 | 426 | 15.98 (സ്റ്റയർ റൂം) | സ്റ്റയർ റൂം നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കി |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് സ്ഥലം മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. വാണിജ്യ കെട്ടിടങ്ങൾക്ക് പാർക്കിംഗിന് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഏരിയയ്ക്ക്, അനുപാതികമായി വീതിച്ച് നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. മേൽ കെട്ടിടങ്ങളുടെ

നികുതി പുനർ നിർണയിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിട മുടമയുടെ പേരും | തറ വിസ്തീർണം | ബാധകമാക്കിയ | ഈടാക്കുന്ന നികുതി (ഇളവുകളും | ബാധകമാക്കേണ്ട | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വിലാസവും (സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | (സഞ്ചയ പ്രകാരം) | നികുതി നിരക്ക് | വർദ്ധനവും അടക്കം | നികുതി നിരക്ക് | (ഇളവുകളും വർദ്ധനവും അടക്കം | |
| 10/313 A അബ്ദുൾ മജീദ്, വട്ടക്കുണ്ടുങ്ങൽ, താമരശ്ശേരി, 673573 (2015 ഒന്നാം അർദ്ധ വർഷം മുതൽ) | 354 | 30 | 11682+585 = 12267 (മേൽക്കൂര ഇളവ് 10%, വഴി സൗകര്യം വർദ്ധനവ് 20%) | 50 | 19470+974 =20444 (മേൽക്കൂര ഇളവ് 10%, വഴി സൗകര്യം വർദ്ധനവ് 20%) | 2015-16 - 7788+389=8177<br>2016-17 - 7788+389=8177<br>2017-18 - 7788+389=8177<br>2018-19 – 7788+389=8177<br>2019-20 - 7788+389=8177<br>2020-21 - 7788+389=8177 |
| ആകെ | | | | | | 46728+2334=49,062 |

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 8,177/- രൂപ)

1-12 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 20/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻവർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6)

എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ-

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|
| 6/199 E മുതൽ H വരെ മുഹമ്മദലി, പുറായിൽ, പൂലോട്, പുതുപ്പാടി, 673586 | 3 | 20 |
| 12/301 H, I, O, P, Q മുംതാസ് പി, വേണാടി, പയ്യനാടൻ, കട്ടിപ്പാറ | 3 | 20 |

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. തനത് വരുമാനം നഷ്ടമാക്കുന്ന ഈ നടപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും തുടർനടപടികളും പ്രതീക്ഷിക്കുന്നു. മേൽ കെട്ടിടങ്ങളുടേയും ഇതേ രീതിയിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണ്ണയം പുനപരിശോധിച്ച്

നികുതി വർദ്ധന ഉറപ്പാക്കേണ്ടതാണ്. നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-2021 ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | 1 & 2 അർദ്ധ വർഷം |
| 2 | അവനി ഇൻസ്റ്റിറ്റ്യൂട്ട്, അമ്പായത്തോട് | 1 &2 അർദ്ധ വർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4, 6 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ ജോലി സ്ഥലമോ ഉണ്ടങ്കിൽ അങ്ങിനെയുള്ള കമ്പനി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. വാർഷിക വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് അത്തരം സ്ഥാപനങ്ങളുടേയോ കമ്പനികളുടേയോ നികുതി നിശ്ചയിക്കേണ്ടത്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 റോഡ് നിർമാണപ്രവൃത്തികൾ - കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016- ലെ ജി.ഒ.(ആർ.ടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ ലഭ്യമല്ല. എന്നാൽ ബിറ്റുമിൻ ബില്ലുകൾ ഒരുമിച്ച് കെട്ടി ഓഡിറ്റിന് സമർപ്പിച്ചിരിക്കുന്നു. ഇതിൽ നിന്നും ഏത് പ്രവൃത്തിക്ക് എത്ര ബിറ്റുമിൻ ഉപയോഗിച്ചു എന്ന് വേർതിരിച്ചറിയാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പ് നം. 8/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാത്തതിനും, വാങ്ങലിന്റെ ആധികാരികത ഉറപ്പാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-15 ലക്ഷങ്ങൾ ചെലവഴിച്ച് റോഡ് പണി പൂർത്തിയാക്കിയതിനു പിന്നാലെ റോഡ് തകർന്നു

കട്ടിപ്പാറ പഞ്ചായത്തോഫീസിന് സമീപത്തു കൂടി പോകുന്ന കട്ടിപ്പാറ മൃഗാശുപത്രി കൃഷിഭവൻ ബൈപ്പാസ് റോഡിനായി മൂന്ന് പ്രോജക്ടുകളിലായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| പ്രോജക്റ്റ് നം. | അടങ്കൽ (രൂ.) | കരാറുകാരൻ | ചെലവ് വിവരം |
|---|---|---|---|
| 1) 220/20-21 | 250000 (മെ.ഫണ്ട്-റോഡ്+വി.ഫണ്ട്) | അബ്ദുൽ സലീം.എം | രൂ.249610; ബിൽ നം. 19/23.04.2020 |
| 2) 157/20-21 | 1768000 (മെ.ഫണ്ട്-റോഡ്) | അനിൽ കുമാർ | രൂ.1736317; ബിൽ നം. 28/20.09.2021 |
| 3) 159/20-21 | 1615840 (മെ.ഫണ്ട്-റോഡ്) | ജേക്കബ്.എം.സി | രൂ.1449414; ബിൽ നം. 1/20.09.2021 |

മേൽ മൂന്ന് പ്രവൃത്തികളിൽ ആദ്യത്തേത് പ്രസ്തുത റോഡിന്റെ ചെയിനേജ് Ch0/00 മുതൽ Ch0/44 വരെയുള്ള 44 മീറ്ററിന്റേതാണ്. രണ്ടാമത്തേത് Ch0/44 മുതൽ Ch0/344 വരെയുള്ള പ്രവൃത്തിയാണ്. മൂന്നാമത്തേത് രണ്ടാം പ്രവർത്തിയുടെ ചെയിനേജ് 0/195 M- ൽ വരുന്ന കൾവർട്ട് നിർമ്മാണമാണ്.

ആദ്യത്തെ പ്രവൃത്തി, കരാർ ഉടമ്പടി നം. 71/10.02.2020 പ്രകാരം കരാറുകാരൻ ഏറ്റെടുത്ത് 18.03.2020- ൽ പൂർത്തിയാക്കിയതാണ്. എന്നാൽ തൻവർഷം കരാറുകാരന് തുക മാറി കൊടുത്തിട്ടില്ല. ആയത് സ്പിൽ ഓവർ ആക്കി 2020-21 സാമ്പത്തിക വർഷമാണ് ബിൽ മാറിക്കൊടുത്തിരിക്കുന്നത്.

രണ്ടാമത്തെ പ്രവൃത്തി കരാർ ഉടമ്പടി നം. 40/22.10.2020 പ്രകാരം കരാറുകാരൻ ഏറ്റെടുത്ത്

01.03.2022- ൽ മാത്രമാണ് പൂർത്തിയാക്കിയത്. ആയതിലേക്കായി നൽകിയ TS. No.89008/17.09.2020- ൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ ബിൽ മാറി നൽകിയത് 2021-22 സാമ്പത്തിക വർഷത്തിൽ ആണ്.

മൂന്നാമത്തെ പ്രവൃത്തി കരാർ ഉടമ്പടി നം. 41/02.11.2020 പ്രകാരം കരാറുകാരൻ ഏറ്റെടുത്തതാണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 27.01.2021 - ലെ തീരുമാനം നം. 10 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ആയതിന്റെ കാരണമായി പറയുന്നത് പ്രവൃത്തി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് ഇനങ്ങളിൽ അനിവാര്യമായ ചില മാറ്റങ്ങൾ ആവശ്യമായി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന അസി. എൻജിനീയരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുന്നു എന്നാണ്. എന്നാൽ 'അനിവാര്യമായ മാറ്റങ്ങൾ' എന്താണെന്ന് വ്യക്തമല്ല.

പ്രവൃത്തി 06.03.2021- ൽ പൂർത്തിയാക്കിയതായി അളവ് പുസ്തകത്തിൽ നിന്നും വ്യക്തമാകുന്നു. ആയതിന്റെയും ബിൽ മാറി നൽകിയത് 2021-22 സാമ്പത്തിക വർഷത്തിൽ ആണ്.

ഏതാണ്ട് 35 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ റോഡ് ഒരു വർഷം പോലും തികയുന്നതിനു മുമ്പ് തകർന്നു പോയതായി ഓഡിറ്റ് ടീമിന്റെ 28.04.2022- ലെ സ്ഥല പരിശോധനയിൽ വ്യക്തമായി. റോഡിൽ പാലത്തോടു ചേർന്നു വരുന്ന ഇരു വശങ്ങളിലും മണ്ണ് താഴ്ന്നു പോകുകയും തന്മൂലം റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായി തീരുകയും ചെയ്തു. തകരാർ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ 227/AE/LSGD/2022 നമ്പർ കത്തിലൂടെ കരാറുകാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 25/29.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ മേൽനോട്ടം വഹിക്കപ്പെടുന്നില്ലെന്നും പ്രാദേശിക സമിതികൾ ഉൾപ്പെടെ ഉത്തരവാദപ്പെട്ടവർ നിരീക്ഷിക്കുന്നില്ലെന്നും ഇത് വ്യക്തമാക്കുന്നു.

അപാകതക്ക് വിശദീകരണം നല്കുന്നതിനോടോപ്പം ന്യൂനത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് തീയതിയിലെ റോഡിന്റെ അവസ്ഥ താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ വ്യക്തമാണ്.






1-16 റോഡ് പ്രവൃത്തിക്കായി പൊട്ടിച്ചെടുത്ത പാറ പൂർണ്ണമായും ഉപയോഗിച്ചില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം - മറ്റ് അപാകതകൾ

പ്രോജക്ട് നം. 257/20-21 – കട്ടിപ്പാറ തങ്ങൾക്കുന്ന് റോഡ്

അടങ്കൽ : രൂ. 359468/- (മെയിന്റനൻസ് ഫണ്ട് - റോഡ്)

ചെലവ് : രൂ. 359467/- (ബിൽ നം. 64/11.12.2020)

കരാറുകാരൻ : ശ്രീ.അബ്ദുൽ സത്താർ. പി. എം

നിർവ്വഹണോദ്യോഗസ്ഥൻ : അസി. എൻജിനീയർ

മേൽ പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. കരാറുകാരനായ ശ്രീ.അബ്ദുൽ സത്താർ. പി. എം എന്നയാളുടെ ടെണ്ടർ അംഗീകരിക്കപ്പെടുകയും 04.01.2020- ന് ടിയാന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥനായ അസി. എൻജിനീയർ കരാറുകാരനുമായി നിയമാനുസൃതമായ കരാർ ചമച്ചിട്ടില്ല.

2. എം. ബുക്ക് നം. 10/19-20 പ്രകാരം പണി പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 12.10.2020-നാണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 16.10.2020- ലെ തീരുമാനം നം. 1(3) പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. അതിന് കാരണമായി പറഞ്ഞിരിക്കുന്നത്, “ഈ റോഡിലേക്ക് നിർമ്മല എച്ച്. എസ്സിന്റെ ഗ്രൗണ്ടിൽ നിന്നും വെള്ളം ഒലിച്ചിറങ്ങി ടാറിംഗ് പൊട്ടിപ്പൊളിയുന്നു. കൂടാതെ നിലവിലുള്ള പാലത്തിനോട് ചേർന്നുള്ള അപ്രോച്ച് റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് തടയാൻ 25 മീറ്ററിൽ കൂടുതൽ നീളം വരുന്ന ഭാഗം റോഡ് താഴ്ത്തി കോൺക്രീറ്റിംഗ് ചെയ്യേണ്ടതാണ്. അതുപോലെ സ്കൂളിന്റെ പുറകുവശത്ത് റോഡിന്റെ വളവിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനേക്കാളും കൂടുതൽ അളവ് പാറ പൊട്ടിച്ച് മാറ്റി ഗതാഗത തടസ്സം ഒഴിവാക്കേണ്ടതുണ്ട്. ആയതിനാലാണ് എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് വരുത്താതെ റിവൈസ് ചെയ്യുന്നത് ". ഇതിൽ നിന്നും വ്യക്തമായി മനസ്സിലാക്കുന്നത്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപ് നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയിട്ടില്ല എന്നാണ്. ഇത് പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

3. പണി പൂർത്തീകരിച്ച 12.10.2020- ന് ശേഷം, 16.10.2020- ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയത്. പണി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് പുതുക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

4. മേൽപ്പറഞ്ഞ എം. ബുക്ക് പേജ് 22 ഐറ്റം 3 പ്രകാരം, റോഡിൽ ഗതാഗത തടസ്സം സൃഷ്ടിച്ച 36.29 ക്യൂബിക് മീറ്റർ പാറ പൊട്ടിച്ച് മാറ്റിയിട്ടുണ്ട്. ഇതേ എം. ബുക്ക് പേജ് 27- ലെ എക്സ്ട്രാ ഐറ്റം 4 പ്രകാരം,

ടി പൊട്ടിച്ചെടുത്ത പാറയിൽ നിന്നും 18.87 ക്യൂബിക് മീറ്റർ ഡ്രൈ റബിൾ മേസനറി വർക്കിന് വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ ബാക്കി വന്ന 17.42 ക്യൂബിക് മീറ്റർ പാറ എന്ത് ചെയ്തു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27/20-21, തീ.29.04.2022 -ന് മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിനോടൊപ്പം ഉപയോഗിക്കാത്ത പാറയുടെ വില നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 മരാമത്ത് പണികൾ--പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ-പാലിക്കപ്പെടുന്നില്ല.

1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം- 18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം. 13/12/പിഡബ്ള്യുഡി- ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012- ലെ ജി.ഒ.(എം.എസ്) നം.270/12/ തസ്വഭവ- ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി- ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തന കലണ്ടർ കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) മിക്ക അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2020-21- ൽ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ പിഡബ്ല്യുഡി മാന്വൽ വ്യവസ്ഥകൾ - പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-18 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽ (രൂ.) | ചെലവ് (രൂ.) |
|---|---|---|---|
| 1. | 194/20-21- വലിയപറമ്പ് കുന്നമ്മൽ റോഡ് | 269264 | 269264 |
| 2. | 195/20-21- പള്ളിമുക്ക് ചെറുതോട്ടത്തിൽ റോഡ് | 179753 | 174493 |
| 3. | 199/20-21- ഇല്ലിക്കുന്ന് എസ്. ടി കോളനി റോഡ് | 355000 | 278972 |
| 4. | 257/20-21- കട്ടിപ്പാറ തങ്ങൾകുന്ന് റോഡ് | 359468 | 359467 |
| 5. | 259/20-21- വാനപ്പാറ കേളൻമൂല റോഡ് | 170000 | 143335 |
| 6. | 281/20-21- പെരുന്തോടി | 150000 | 150000 |

| | | | |
|---|---|---|---|
| | ആശാരിക്കണ്ടി മാവുള്ളപൊയിൽ റോഡ് | | |
| 7. | 284/20-21- പി. എം. പി കളക്കാട്ട്കുഴി റോഡ് | 200000 | 200000 |
| 8. | 290/20-21- പള്ളിമുക്ക് ചെറുതോട്ടത്തിൽ റോഡ് | 250000 | 250000 |
| 9. | 293/20-21- കോളിക്കൽ വള്ളിക്കുന്ന് റോഡ് | 200000 | 200000 |
| 10. | 294/20-21- വലിയപറമ്പ് കുന്നമ്മൽ റോഡ് | 80000 | 80000 |
| 11. | 295/20-21- ജനതാമുക്ക് ഒതേനൻമുക്ക് കലുങ്ക് റോഡ് | 200000 | 200000 |
| 12. | 297/20-21- മേലേവേനക്കാവ് മിച്ചഭൂമി റോഡ് | 100000 | 100000 |
| 13. | 304/20-21- കരിമ്പിലോട്ട് കണ്ട കുന്നമ്മൽ റോഡ് | 300000 | 300000 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11 – ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന്

ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1 ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15/29.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-19 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 17 ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017 ലെ സർക്കാർ ഉത്തരവ്(കൈ)നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5) ൽ, നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26 ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. ആയതിലേക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തേണ്ടതുമാണ്. എന്നാൽ കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് 2020-21 ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ

ബോർഡിന് തുക വകയിരുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17 പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ആണ് ബോർഡിൽ ഉൾപ്പെടുത്തേണ്ടത്.

1. പ്രവൃത്തിയുടെ പേര്:
2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.
3. കരാറുകാരന്റെ/ഗുണഭോക്തൃക്കമ്മറ്റി കൺവീനറുടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.
4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.
5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.
6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെ നിന്ന് എങ്ങനെ കൊണ്ടു വരും എന്നതിന്റെയും വിവരം.
7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.
8. ഗ്രാമപഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.
9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്.സി.പി. പ്രൊജക്റ്റുകൾ - സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ നടപ്പിലാക്കി

പദ്ധതി മാർഗ്ഗ രേഖ സ.ഉ.(കൈ)നം.11/2018 തസ്വഭവ തിയതി, 29-1-2018 ഖണ്ഡിക 5.4.6.1 ൽ പട്ടികജാതി വിഹിതം വകയിരുത്തുന്നതിനുള്ള നിബന്ധനകൾ പ്രതിപാദിച്ചിട്ടുണ്ട്. ക്രമന. (9) പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ

കുടുംബത്തിന്റെയും സ്ഥാനവും അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികജാതി കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും പ്രൊജക്ട് മുഖാന്തിരം പ്രയോജനം ലഭിക്കുന്ന എത്ര ശതമാനം പട്ടികജാതി കുടംബങ്ങളുണ്ടെന്നുള്ള വിവരവും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ തൻവർഷം നിർവഹണം നടത്തിയ താഴെ പറയുന്ന എസ്.സി.പി. പ്രോജക്ടുകളിൽ മേൽ പരാമർശ പ്രകാരമുള്ള സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഉള്ളടക്കം ചെയ്തിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| 153/20-21- അംബേദ്കർ എസ്.സി കോളനി റോഡ് | 200000 | 198970 | 98/19.03.2021 |
| 191/20-21- മിച്ചഭൂമി പത്തേക്ര റോഡ് ടാറിംഗ് | 300000 | 298457 | 16/23.04.2020 |
| 198/20-21-കവുങ്ങ്പൊയിൽ ഇരുൾക്കുന്ന് റോഡ് | 200000 | 197516 | 13/23.04.2020 |
| 199/20-21- ഇല്ലക്കുന്ന് എസ്.സി കോളനി റോഡ് | 355000 | 278972 | 14/23.04.2020 |
| 209/20-21- ചെവിടൻ പൊയിൽ ഇല്ലക്കുന്ന് എസ്.സി റോഡ് | 200000 | 199591 | 15/23.04.2020 |
| 260/20-21- ഇല്ലക്കുന്ന് എസ്.സി കോളനി റോഡ് | 350000 | 349919 | 48/14.09.2020 |

| | | | |
|---|---|---|---|
| ഫേസ് 2 | | | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/27.04.2022-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

1-21 ഇ-ടെണ്ടർ - ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമായില്ല

2018-19 മുതൽ 2020-21 സാമ്പത്തിക വർഷംവരെ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക ഓഡിറ്റ് തീയതി വരേയും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അസി. എഞ്ചിനീയർ കത്ത് നം. എഇ/01/2022, തീയതി 02/03/2022 മുഖാന്തിരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുമായി ആശയവിനിമയം നടത്തിയിട്ടുണ്ടെങ്കിലും ആയതിൻമേൽ യാതൊരു തുടർ നടപടിയും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

1-22 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

തൻവർഷം ടെണ്ടർ ചെയ്ത 44 പ്രവൃത്തികളിൽ എല്ലാത്തിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി, ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. എന്നാൽ ഇ-ടെണ്ടറുകളുടെ കാര്യത്തിൽ, മൂന്നോ അതിലധികമോ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് ഇവിടെ പ്രസക്തമാണ്. കരാറുകൾ ധാരണയിലേത്തുന്ന കാര്യം വ്യക്തമായിയിട്ടും ഈ-ടെമ്ടർ നടപടികളിലേക്ക് സ്ഥാപനം പോകാത്തത് വിശദീകരിക്കേണ്ടതാണ്. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പ് നം. 5/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി സമർപ്പിക്കുന്നതിനോടൊപ്പം പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യാർത്ഥം

സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

1-23 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

എ) ജി.എസ്.ടി പരിഹാരതുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

സ്റ്റാൻേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണ്. ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളിൽ ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6- ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.റ്റി യുടെ തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി.എസ്.റ്റി- യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ്‌വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി

ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

ബി) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു</u>

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ്

ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ടി വിഷയത്തിൻമേൽ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ വന്ന പരാമർഷങ്ങൾക്ക് പഞ്ചായത്ത് അനുയോജ്യമായ നടപടികൾ സ്വീകരിക്കാതെ പരാമർശം അവഗണിച്ചതിനാലാണ് നടപടി ആവർത്തിക്കപ്പെടുന്നത്. ആയതിനും, അനർഹമായി ഓവർഹെഡ് ചാർജ്ജ് ഓഡിറ്റ് വർഷവും അനുവദിച്ചതിനും വിശദീകരണം ആവശ്യമാണ്. ഈ വിഷയത്തിൽ നൽകിയ അന്വേഷണക്കുറിപ്പ് നം. 13/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-24 മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല

അസി. എഞ്ചിനീയർ തൻവർഷം നടപ്പാക്കുന്നതിനായി 106 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 96 പദ്ധതികളാണ് പൂർത്തീകരിച്ചത്. പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിരിക്കുന്നതായി മനസ്സിലാക്കുന്നു.

മെമ്പർമാരും കൺവീനറും ഉൾപ്പെടുന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. തൻവർഷം മൂന്ന് തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുള്ളത്. അതിൽത്തന്നെ രണ്ട് മീറ്റിംഗുകളുടെ മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്.

നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ചർച്ചകളോ നടപ്പാക്കിയ പദ്ധതികളുടെ അവലോകനമോ വർക്കിംഗ് ഗ്രൂപ്പിൽ നടത്തിയിട്ടില്ല. ഫലത്തിൽ പദ്ധതി രൂപീകരണത്തിലും പ്രവർത്തനങ്ങളിലും കാര്യമായ യാതൊരു ഇടപെടലും വർക്കിംഗ് ഗ്രൂപ്പ് / മോണിട്ടറിംഗ് സമിതി നടത്തുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-25 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ

1. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കാഷ്ബുക്കിൽ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.
3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ

റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

4. പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.
5. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രോജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
8. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/27.04.2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-26 താഴ്വാരം അങ്കണവാടി കുഴൽക്കിണർ നിർമ്മാണം - പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്ട് - താഴ്വാരം അങ്കണവാടി കുഴൽക്കിണർ നിർമ്മാണം

പ്രോജക്ട് നമ്പർ - എസ് 0102/21

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 50,000/- രൂപ – മെയിന്റനൻസ് ഫണ്ട് - റോഡിതരം

ചെലവ് - 41,655/- രൂപ – ബിൽ നമ്പർ 45/20-21 തീയതി 5.3.2021

ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴ്വാരം അങ്കണവാടിയിൽ ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് ആണ് ഇത്. പ്രോജക്ട് പ്രകാരം 5.3.2021 ന് NEFT ട്രാൻസ്ഫർ ആയി തുക ഭൂജല വകുപ്പിന് കൈമാറുകയും പ്രവൃത്തി പൂർത്തീകരണത്തിനായി മേൽ വകുപ്പുമായി കരാറിൽ ഏർപ്പെടുകയും ചെയിതിട്ടുണ്ട്. ഭൂജല വകുപ്പിന് തുക കൈമാറി ഒരു വർഷത്തിലേറെ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും ഭൂജല വകുപ്പിൽ നിന്നും ഡെപ്പോസിറ്റ് ചെയ്ത തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 16/2020-21 തീയതി 28.4.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 41,655/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 ഗ്രാമ പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടറൈസേഷൻ - യു. പി. എസ്, സ്കാനർ, പ്രിന്റർ എന്നിവ നാളിതു വരെ ലഭിച്ചില്ല.

പ്രോജക്റ്റ് - ഗ്രാമ പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടറൈസേഷൻ

പ്രോജക്റ്റ് നമ്പർ - എസ് 0006/20

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 2,66,569/- രൂപ ( വികസന ഫണ്ട് )

ചെലവ് - 57,997/- രൂപ – ബിൽ നമ്പർ 4/20-21 തീയതി 20.4.2020

1,54,900/- രൂപ – ബിൽ നമ്പർ 5/20-21 തീയതി 20.4.2020

ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഐ. കെ. എം. സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാർ ഓൺലൈൻ പോർട്ടലായ CPRCS മുഖേന വാങ്ങുന്നതിന് തയ്യാറാക്കിയ പ്രോജക്റ്റ് ആണ് ഇത്. ഈ പ്രോജക്റ്റ് പ്രകാരം കെൽട്രോണിന് കൈമാറിയ 2,12,897 രൂപയിൽ താഴെപ്പറയും പ്രകാരം 2,05,518/- രൂപയുടെ ഉപകരണങ്ങൾ ഓഡിറ്റ് തീയതി വരെ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1 | മൾട്ടി ഫങ്ഷൻ പ്രിന്റർ | 3 | 14,726 | 44,178 |
| 2 | ഇഗാടെക്ക് യു.പി.എസ് - 5 KVA/ 4.5 KW | 1 | 1,54,900 | 1,54,900 |
| 3 | സ്കാനർ - EPSON V 39 | 1 | 6,440 | 6,440 |
| | ആകെ | | | 2,05,518 |

മേൽ പ്രകാരമുള്ള 2,05,518/- രൂപയുടെ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18/2020-21 തീയതി 28.4.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 2,05,518/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-28 ഘടക സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ - പ്രവൃത്തിക്ക് സർക്കാർ സബ്സിഡി ലഭ്യമായില്ല.

പ്രോജക്ട് - ഘടക സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ - എസ് 0146/21

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 2,50,000/- രൂപ ( മെയിന്റനൻസ് ഫണ്ട് - റോഡിതരം )

ചെലവ് - 2,48,703/- രൂപ – ബിൽ നമ്പർ 41/20-21 തീയതി 11.2.2021

ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങളായ കൃഷി ഭവൻ, ആയുർവേദ ഡിസ്പെൻസറി, പി. എച്ച്. സി കെട്ടിടം, എന്നിവിടങ്ങളിൽ 5 കിലോവാട്ടിന്റെ ശൃംഖലാ ബന്ധിതമല്ലാത്ത സൗര വൈദ്യുത നിലയം സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കി നിലവിൽ കൊടുത്തു കൊണ്ടിരിക്കുന്ന ഭീമമായ വൈദ്യുത ചാർജ്ജ് ഒഴിവാക്കുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. സർക്കാരിന്റെ 3.12.2019 ലെ ജി. ഒ. ആർ. ടി. 205/2019/ ഊർജ്ജം നമ്പർ ഉത്തരവ് പ്രകാരം അക്ഷയ ഊർജ്ജ് പദ്ധതിയിൽ ഉൾപ്പെടുത്തി അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യുന്നതിന് തയ്യാറാക്കിയ പ്രോജക്ട് ആണ് ഇത്. എന്നാൽ ഈ പ്രോജക്ടിന്റെ നിർവഹണ ഘട്ടത്തിൽ ആയുർവേദ ഡിസ്പെൻസറിയിൽ മാത്രമാണ് സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമായത്. ആയതു പ്രകാരം ആയുർവേദ ഡിസ്പെൻസറിയിൽ 2 കിലോവാട്ടിന്റെ സൗര പാനൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഗ്രാമപഞ്ചായത്ത് അനർട്ടുമായി ഏർപ്പെട്ട 17.2.2020 – ലെ കരാറിലെ 4 -ാമത്തെ വ്യവസ്ഥ പ്രകാരം ഈ പദ്ധതി കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) 5.3.2019 ലെ 32/02/2019 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് നടപ്പിലാക്കുന്നത്.

ഈ പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് അനർട്ട് കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കുമെന്നും പ്രസ്തുത മന്ത്രാലയം അനുവദിക്കുന്ന സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനർട്ട് കോഴിക്കോട് ജില്ലാ എഞ്ചിനീയറുടെ 15.9.2020 ലെ 13/SPV-ONLINE/ANERT/KKD/2020-21 നമ്പർ കത്തിൽ 2 മുതൽ 25

കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സൗര നിലയം സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിന് 30 ശതമാനം സർക്കാർ സബ്സിഡിയാണ് ലഭിക്കുക എന്ന് അറിയിച്ചിട്ടുണ്ട്. മേൽ കത്തിൽ പ്രസ്താവിച്ച പ്രകാരമുള്ള സബ്സിഡി ഗ്രാമ പഞ്ചായത്തിന് നാളിതു വരെ ലഭ്യമായതായി കാണുന്നില്ല. കരാർ പ്രകാരമുള്ള സബ്സിഡി അനർട്ട് മുഖേന ലഭ്യമാക്കി അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 17/2020-21 തീയതി 28.4.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള സബ്സിഡി അനർട്ട് മുഖേന ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-29 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തില്ല

പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ നൽകൽ

വകയിരുത്തിയ തുക - 4,35,000/- (പ്ലാൻ ഫണ്ട്)

ചെലവ്- 4,34,200/- ( ബിൽ തീയതി 11/4/2020 )

നിർവഹണോദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപദ്ധതി പ്രകാരം അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് നൽകുന്നതിനായി സിഡ്കോയിൽ നിന്നും 100 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് ഫയൽ, വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 98 കട്ടിലുകളുടെ വിതരണ വിവരം മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള രണ്ട് കട്ടിലുകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 28/2020-21, തീയതി 28.4.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ രണ്ട് കട്ടിലുകളുടെ വിലയായ 8,684/- രൂപ തടസ്സത്തിൽ വെക്കുന്നു. കട്ടിലുകളുടെ വിതരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

1-30 വെറ്ററിനറി മരുന്ന് വാങ്ങൽ - നോൺ അവയലിബിലറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ - 115/20-21

നിർവഹണം - വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര് - വെറ്ററിനറി മരുന്ന് വാങ്ങൽ

ഫണ്ട് - മെയിന്റനൻസ് ( നോൺ റോഡ്)

അടങ്കൽ - 4,75,000

ചെലവ് - 4,75,000 (ബിൽ നം. 6/20-21 – 3,02,958 രൂപ, ബിൽ നം. 7/20-21 – 1,72,042 രൂപ )

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ തീയതി – 14.02.2018 ലെ 6.2.12 പ്രകാരം വെറ്ററിനറി ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടറെ ചുമതലപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിലെ മരുന്നുവാങ്ങൽ നടപടിക്രമങ്ങൾ പ്രകാരം മരുന്നുകൾ വാങ്ങിക്കാവുന്നതും അതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് നൽകാവുന്നതുമാണ്. 2020-21 വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ വെറ്ററിനറി മരുന്ന് വാങ്ങൽ പ്രോജക്ടിൽ ഡയനാവെറ്റ് എന്ന സ്ഥാപനത്തിന് 4,75,000/- രൂപ നൽകി (3,02,958 + 1,72,042) വെറ്ററിനറി മരുന്നുകളും അനുബന്ധ സാമഗ്രഹികളും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭിക്കേണ്ട നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി - 14.02.2018 പ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്ന് നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ ഡയനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് വെറ്ററിനറി മരുന്നുകളും അനുബന്ധ സാമഗ്രഹികളും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള

കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിട മുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധകമാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|
| 10/313 A<br>അബ്ദുൾ മജീദ്, വട്ടക്കുണ്ടുങ്ങൽ, താമരശ്ശേരി, 673573<br>(2015 ഒന്നാം അർദ്ധ വർഷം മുതൽ) | 354 | 30 | 11682+585 = 12267 (മേൽക്കൂര ഇളവ് 10%, വഴി സൗകര്യം വർദ്ധനവ് 20%) | 50 | 19470+974 =20444 (മേൽക്കൂര ഇളവ് 10%, വഴി സൗകര്യം വർദ്ധനവ് 20%) | 2015-16 - 7788+389=8177<br>2016-17 - 7788+389=8177<br>2017-18 - 7788+389=8177<br>2018-19 – 7788+389=8177<br>2019-20 - 7788+389=8177<br>2020-21 - 7788+389=8177 |
| ആകെ | | | | | | 46728+2334=49,062 |

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 7788+389= 8,177/- രൂപ)

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 25.04.2022, 26.04.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50,000 | നെൽകൃഷി വികസനം | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,09,750 | ശാരീരിക മാനസിക വെല്ലുവിളി | 1,09,750 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത നൽകൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | അങ്കണവാടി പോഷകാഹാരം (ജനറൽ) | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,00,000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 7,00,000 | ലൈഫ് ഭവന പദ്ധതി - പട്ടികജാതി | 7,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,80,000 | ലൈഫ് ഭവന പദ്ധതി - ജനറൽ | 6,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,50,000 | മഴമറ നിർമ്മാണം (ജനറൽ) | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 60,000 | നെൽകൃഷി വികസനം | 60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33,000 | സുഫലം - വിഷരഹിത ഫലം - ജനറൽ | 33,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 6,000 | പച്ചക്കറി സ്വയം പര്യാപ്ത ജില്ല (വനിത) | 6,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 6,87,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത നൽകൽ | 6,87,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000 | ലൈഫ് ഭവന പദ്ധതി - പട്ടികവർഗ്ഗം | 3,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 38,970 | ലൈഫ് ഭവന പദ്ധതി - ജനറൽ | 38,970 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,00,000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000 | ക്ഷീരഗ്രാമം - വനിത | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,36,053 | ലൈഫ് പദ്ധതി-എസ്.സി | 2,36,053 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | എടുത്ത വായ്പ | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018 ത.സ്വ.ഭ.വ തീയതി-18/05/2018 | 15,60,000 | 73,27,647 | 12,15,647 | -- | 76,72,000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 (അവലോകനം) | 6.4 | തെരുവ് വിളക്ക് സംരക്ഷണം | തുടരുന്നു |
| | | 2013-14 (അവലോകനം) | 6.4.1 | തെരുവ് വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | -ടി- |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | സർട്ടിഫിക്കറ്റ് നം | ഉത്തരവാദി | തുക | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 2009-10/3-2 | കെ.എസ്.എ 3621/സ്പെഷ്യൽ സെൽ സി.എസ്.സി/ജി. 2/168/1216 | ശ്രീ. ബേബി രവീന്ദ്രൻ, മെമ്പർ | 3640 | Rt. 3326/04 Dtd 25.04.2018 |
| 2009-10/3-2 | ,, | ശ്രീമതി. ജുബൈരിയ, മെമ്പർ | 3640 | Rt. 3326/04 Dtd 25.04.2018 |
| 2009-10/3-2 | | ശ്രീ. സത്യൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. ഇ. കെ അഗസ്റ്റിൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീമതി. ഷീബ സദാനന്ദൻ, മെമ്പർ | 3640 | 118030100092/ 20.04.2018 |
| 2009-10/3-2 | | ശ്രീമതി. റോസമ്മ തോമസ്, | 3640 | 118030100083/ 19.04.2018 |

| | | | | |
|---|---|---|---|---|
| | | മെമ്പർ | | |
| 2009-10/3-2 | | ശ്രീമതി. സാലി ഇമ്മാനുവൽ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. എം. കെ പുന്നൂസ്, മെമ്പർ | 3640 | 118030100066/ 17.04.2018 |
| 2009-10/3-2 | | ശ്രീ. അബ്ദുൾ കരീം, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. സെയ്തുട്ടി ഹാജി, മെമ്പർ | 3640 | |
| 2009-10/3-2 | | ശ്രീ. കെ. ആർ രാജൻ, മെമ്പർ | 3640 | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,49,42,946 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,22,51,221 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,177 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,55,857 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-26 | 8,177 | | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 41,655 | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |
| 1-27 | 2,05,518 | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |
| 1-29 | 8,684 | ശ്രീമതി. ഷീജ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 2,55,857 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എ.റഷീദ്, സെക്രട്ടറി | സെക്രട്ടറി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | ചെറിയങ്ങേൽ (വീട്), എളേറ്റിൽ (പി. ഒ), കൊടുവള്ളി, കോഴിക്കോട് |
| ശ്രീമതി. ഷീജ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഒ, തളിപ്പറമ്പ്, കണ്ണൂർ | കേദാരം, കിഴക്കേക്കര, നരിക്കുനി, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/403/2021(2) തീ-01.03.2021 | 2 | 3-20, 3-26 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/403/2021(4) തീ-01.03.2021 | 14 | 3-1, 3-2, 3-3, 3-4, 3-6(1),3-6(3), 3-8, 3-9, 3-10, 3-11, 3-13, 4-3,4-6,4-7 |

| | | | |
|---|---|---|---|
| 2010-11 | കെ.എസ്.എ.കെ.കെ.ഡി. പി1/403/2021(5) തീ-01.03.2021 | 3 | 3-5, 3-8, 3-10 |
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി1/403/2021(6) തീ-07.04.2021 | 5 | 3-4, 3-6, 3-7, 3-9, 3-16(1,2) |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/403/2021(7) തീ-07.04.2021 | 6 | 2-2, 3-1, 3-2, 3-3, 3-4, 3-8 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി1/403/2021(9) തീ-07.04.2021 | 2 | 2-4(1), 2-4(2) |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി1/1563/ 17 തീ-15.02.2018 | 28 | 2-1(1), 2-1(2), 2-1(3), 2-1(4), 2-2(5), 2-3(1), 2-3(3), 2-4(1),2-4(2), 2-5(1 To 7), 2-6, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-9, 3-10, 3-11, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി15/2541/2018 തീ-10.05.2019 | 17 | 1-12, 2-1, 2-2(1), 2-2(3), 2-4, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-7, 3-9, 3-10, 3-13, 3-14, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി1/1050/2020 തീ-17.11.2021 | 26 | 1-3, 1-8(1,2,3), 1-9, 1-10,1-11, 1-12, 1-13, 1-15, 1-16,1-17(1,2),1-18, 1-19(3,4), 1-20(1,2), 1-21, 1-22, 1-23, 1-24, 1-27, 1-30, 1-33, 1-34, 1-38, 3-1, 3-2, 4-10, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി1/954/2021 തീ-20.04.2022 | 16 | 1-2-1, 1-2-4, 1-4-1, 1-4-2 1-10, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-25, 1-26, 4-2, 4-10, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്